**24020222**

24020222

**Reg. No..............................**

**Name..................................**

# B.A. DEGREE (C.B.C.S.) EXAMINATION, MAY 2024

**Second Semester**

Kathakali Chenda

Core Course–CD2CRT03—BASIC STRUCTURE OF THALA

(2017 Admission onwards)

Time : Three Hours — Maximum Marks : 80

## Part A

*Answer any* **ten** *short answer type questions* (1–12).
*Each question carries 2 marks.*

1. തായമ്പകയിൽ പതികാലം കൊട്ടുമ്പോൾ ഓരോ കാലത്തിലും (സമം, വിളംബം, മധ്യമം, ദ്രുതം), ഒരു താളവട്ടത്തിൽ എത്ര അക്ഷരങ്ങൾ വീതമാണ് കൊട്ടുക.
2. നളചരിതം ആട്ടക്കഥയുടെ രചയിതാവാര് ? അദ്ദേഹത്തിന്റെ പേരിൽ പ്രവർത്തിക്കുന്ന കഥകളി സ്ഥാപന മേത് ? എവിടെ സ്ഥിതി ചെയ്യുന്നു ?
3. കഥകളി രംഗം, കഥകളി വിജ്ഞാനകോശം, കഥകളി സ്വരൂപം എന്നീ ഗ്രന്ഥങ്ങളുടെ രചയിതാക്കൾ ആരെല്ലാം ?
4. തത - വിതത വാദ്യങ്ങളെന്നാലെന്തെന്ന് ഉദാഹരണസഹിതം വിവരിക്കുക.
5. ഇടന്തകിട്ട പാഠകൈ സാധകം ചെയ്ത് ശീലിക്കുന്നതിന്റെ ഉദ്ദേശമെന്ത് ? ഈ പാഠകൈ സാധകം ചെയ്യേണ്ട സമ്പ്രദായമെങ്ങിനെ ?
6. 'x' ഗുരു '–' ലഘു എന്നീ സംജ്ഞകൾ ഉപയോഗിച്ച് ചെമ്പടതാളം മൂന്നാംകാലം രേഖപ്പെടുത്തി, ഗണപതി കൈ വായ്ത്താരി ഈ താളത്തിൽ കൃത്യമായി വരത്തക്കവിധം എഴുതുക.
7. ആരാണ് ജയദേവ കവി ? അദ്ദേഹത്തിന്റെ കൃതിക്ക് കഥകളിമായുള്ള ബന്ധമെന്ത് ?
8. അനുഷ്ഠാന കലാരൂപങ്ങൾ എന്നാലെന്ത് ? രണ്ട് അനുഷ്ഠാന കലാരൂപങ്ങളുടെ പേരെഴുതുക.
9. ചെണ്ടയിൽ ഇടതുകൈ കൊണ്ട് കൃത്യമായി കൊട്ടുവാൻ ബുദ്ധിമുട്ടുള്ള സ്ഥാനമേത് ? എന്തുകൊണ്ട് ? ഒരു ചെണ്ടക്കാൻ എന്ന നിലയിൽ നിങ്ങളുടെ അഭിപ്രായമെന്ത് ?
10. കല്ലുവഴി സമ്പ്രദായത്തിന്റെ ഉപജ്ഞാതാവാര് ? ഈ സമ്പ്രദായം പിൻതുടർന്നു വന്ന 4 ആചാര്യന്മാരുടെ പേരെഴുതുക.
11. കഥകളിയിൽ സത്വ ഗുണ പ്രധാനമായ വേഷങ്ങൾ ഏത് വേഷവിഭാഗത്തിൽ പെടുന്നു ? ഉദാഹരണസഹിത മെഴുതുക.
12. ആരായിരുന്നു മലമക്കാവ് കേശവ പൊതുവാൾ ? ഒരു ചെറുവിവരണം നൽകുക.

$(10 \times 2 = 20)$



**Turn over**

## Part B

*Answer any* **six** *short essay type questions* (13–21).
*Each question carries 5 marks.*

13. കഥകളി വേഷങ്ങളെ എത്രയായി തരം തിരിച്ചിരിക്കുന്നു ? എന്ത് അടിസ്ഥാനത്തിലാണ് കഥകളിയിൽ വേഷങ്ങളെ തരംതിരിച്ചിരിക്കുന്നത് ? ഉദാഹരണസഹിതം വിവരിക്കുക.

14. കഥകളിയിലെ പുറപ്പാട് എന്ന ചടങ്ങിന്റെ ഉദ്ദേശത്തെക്കുറിച്ചും അവതരണ ക്രമത്തെക്കുറിച്ചും വിവരിക്കുക.

15. വന്ദനശ്ലോകങ്ങൾ എന്നാലെന്ത് ? നിങ്ങൾക്കിഷ്ടമുള്ള ഒരു വന്ദനശ്ലോകമെഴുതുക.

16. '×' ഗുരു '–' ലഘു എന്നീ സംജ്ഞകൾ ഉപയോഗിച്ച് ചെമ്പട, ചെമ്പട, ചമ്പ, അടന്ത താളങ്ങളുടെ പതിഞ്ഞ കാലം രേഖപ്പെടുത്തുക.

17. ചെണ്ടയിലല്ലാതെ മറ്റു പല വാദ്യോപകരണങ്ങളിലും പരീക്ഷണമെന്ന നിലയിലും അല്ലാതെയും തായമ്പക അവതരിപ്പിക്കാറുണ്ട്. അത്തരം അവതരണങ്ങളെക്കുറിച്ച് വിവരിക്കുക.

18. തായമ്പകയുടെ മലമക്കാവ് സമ്പ്രദായത്തിന്റെ സവിശേഷതകൾ, ഈ സമ്പ്രദായം പിൻതുടർന്ന പ്രശസ്തരായ തായമ്പക വാദകർ എന്നീ കാര്യങ്ങളെക്കുറിച്ച് വിവരിക്കുക.

19. തായമ്പക എന്ന വാദ്യകലാരൂപത്തെ ഏറെ ജനപ്രിയമാക്കി തീർക്കുന്നതിൽ പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ അവർകൾ വഹിച്ച പങ്കെന്ത് ? വിവരിക്കുക.

20. കഥകളിയുമായി ബന്ധപ്പെട്ട സമസ്ത മേഖലകളിലും നിസ്തുലമായ സംഭാവനകൾ നൽകിയ മേളാചാര്യനാണ് ശ്രീമാൻ കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ. അദ്ദേഹത്തെക്കുറിച്ചും വിവിധ മേഖലകളിൽ അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ചും വിവരിക്കുക.

21. എണ്ണം ഏറ്റിച്ചുരുക്കുന്നതിന്റെ മേളക്രമം നിങ്ങൾക്ക് ഇഷ്ടമുള്ള ഒരെണ്ണത്തെ അടിസ്ഥാനപ്പെടുത്തി വിവരിക്കുക.

(6 × 5 = 30)

## Part C

*Answer any* **two** *long essay type questions* (22–25).
*Each question carries 15 marks.*

22. കേരളത്തിലെ മേളകലാരൂപങ്ങൾ – അവയുടെ ജനപ്രിയത – പ്രശസ്ത വാദ്യ കലാകാരന്മാർ – വിവരിക്കുക.

23. തായമ്പകയിലെ കൂറുകളെക്കുറിച്ചും തിശ്രം, മിശ്രം, ഖണ്ഡം നടകളിലെ വാദന സമ്പ്രദാത്തെക്കുറിച്ചും വിവരിച്ച്, മദ്ദളകേളിയിലെ പതിഞ്ഞതും മുറുകിയതുമായ കൂറുകൾക്കും തായമ്പകയിലെ കൂറുകൾക്കും താളം പിടിക്കേണ്ടതെങ്ങിനെയെന്ന് വിവരിക്കുക

24. നമ്മുടെ ക്ഷേത്രാടിയന്തിരങ്ങൾ മുതൽ ക്ലാസ്സിക്കൽ - ദൃശ്യ - അനുഷ്ഠാന - നാടൻ കലാരൂപങ്ങളിൽ വരെ ചെണ്ട എന്ന വാദ്യത്തിനുള്ള പ്രാധാന്യം എത്രകണ്ടെന്ന് വിലയിരുത്തുക.

25. ഭാരതീയ ഇതിഹാസങ്ങളെക്കുറിച്ചും അവയിൽ നിന്നും കഥാതന്തു സ്വീകരിച്ച ആട്ടക്കഥകളെ കുറിച്ചും അവയുടെ രചയിതാക്കളെ കുറിച്ചും വിവരിക്കുക.

(2 × 15 = 30)